"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാങ്കേതിക വിഭാഗം - ഇളംദേശം ബ്ലോക്ക് പഞ്ചായത്തിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളള്ള് അംഗൻവാടിയുടെ നിർമ്മാണത്തിലെ ക്രമക്കേട് - അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സത്യദാസ്.എസ്-നെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.558/2022/LSGD തീയതി,തിരുവനന്തപുരം, 09-03-2022

പരാമർശം:-
1. 13.03.2019-ലെ സഉ (സാധാ) നം.608/2019/തസ്വഭവ.
2. ശ്രീ.സത്യദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച 26.08.2019-ലെ പുന:പരിശോധനാ ഹർജി.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 20.12.2019-ലെ ഇ11/7749/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് അഞ്ചാം വാർഡിലെ വെള്ളള്ള് ജംഗ്ഷനിൽ പണികഴിപ്പിച്ചിട്ടുള്ള അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിലും മേൽനോട്ടത്തിലും മറ്റും ക്രമക്കേടുകൾ നടന്നു എന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 20/07/16-ൽ വെള്ളള്ള് അംഗൻവാടിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇളംദേശം ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീമതി.ജിജി തോമസ്, വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ.സത്യദാസ്.എസ്, ഓവർസിയറായിരുന്ന ശ്രീമതി. ജിൻസി ജോസഫ് എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ടിയാളുകളുടെ വാർഷിക ശമ്പളവർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ മൂന്ന് വർഷത്തേക്ക് തടഞ്ഞുകൊണ്ട് ടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടി പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കുകയും ചെയ്തിരുന്നു.

മേൽ ഉത്തരവിനെതിരെ സത്യദാസ് പരാമർശം (2) പ്രകാരം പുന:പരിശോധനാ ഹർജി സമർപ്പിച്ചു. അച്ചടക്ക നടപടി നിലനിന്ന സമയത്ത് സമർപ്പിച്ചിരുന്ന എതിർവാദ പത്രികയിലെ വാദഗതികൾ തന്നെയാണ് റിവ്യൂ ഹർജിയിലും ടിയാൻ ഉന്നയിച്ചത്.

കെട്ടിടത്തിന് structural failure ഉണ്ടായിട്ടില്ലെന്നും ചെറിയ രീതിയിലുള്ള റെക്ടിഫിക്കേഷൻ പ്രവർത്തികൾ നടപ്പിലാക്കിയാൽ കെട്ടിടം ഉപയോഗപ്രദമാക്കാമെന്നും പാലക്കാട് എഞ്ചിനീയറിംഗ് കോളേജ് വിദഗ്ധ സംഘം അഭിപ്രായപ്പെട്ടിട്ടുള്ളതാണെന്നും ഒരുവിധം നല്ല രീതിയിൽ ശരിയായ ഗുണനിലവാരത്തിൽ തന്നെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ശ്രീ.സത്യദാസിന്റെ ഭാഗത്ത് മേൽനോട്ടക്കുറവ് സംഭവിച്ചിട്ടുണ്ടെന്നും പുനഃപരിശോധനാ ഹർജിയിന്മേൽ ചീഫ് എൻജിനീയർ അഭിപ്രായപ്പെട്ടു.

ശ്രീ.സത്യദാസ് സമർപ്പിച്ച പുന:പരിശോധന ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ടിയാനെതിരെ സ്വീകരിച്ച അച്ചടക്കനടപടിയിൽ നിന്നും ടിയാനെ പൂർണ്ണമായും ഒഴിവാക്കുന്നതിന് ആധാരമായ വാദങ്ങളോ, രേഖകളോ എന്തെങ്കിലും പുതിയ വാദഗതികളോ ടിയാൻ സമർപ്പിച്ചിട്ടില്ല. അച്ചടക്ക നടപടി നിലനില്ക്കുന്ന സമയത്ത് സമർപ്പിച്ചിട്ടുള്ള എതിർവാദ പത്രികയിലെ വാദഗതികൾ തന്നെയാണ് റിവ്യൂ ഹർജിയിലും ടിയാൻ ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത വാദഗതികളെല്ലാം പരിഗണിച്ച ശേഷമാണ് ടിയാനെതിരെയുള്ള ശിക്ഷ നിശ്ചയിച്ചിട്ടുള്ളതും. മേൽ സാഹചര്യത്തിൽ സത്യദാസിന്റെ പുന:പരിശോധനാ ഹർജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1.ശ്രീ.സത്യദാസ്, അസിസ്റ്റന്റ് എഞ്ചിനീയർ (Rtd)(ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
2.ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
4.എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
5.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Sreekanth G**
**Date: 09-03-2022 11:43:56**
സെക്ഷൻ ഓഫീസർ